**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1389 31.10.2019 ൽ മറുപടിയ്ക്ക്**

## ഹാരിസൺസ് കൈവശഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാൻ ഒരു ഉന്നതതലയോഗവും ഈ സർക്കാർ ഇതുവരെ ചേർന്നിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും (സി)യും (ഡി)യും<br>ഹാരിസൺ മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് 1957 ലെ കേരള ഭൂമി സംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയ മറ്റുള്ളവരും 4 ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 38170.92 എക്കർ ഭൂമി ഏറ്റടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ WP(C)33122/14 & Ors നമ്പർ കേസുകളിലെ 11-4-2018 -ലെ ബഹു ഹൈക്കോടതി വിധിന്യായ പ്രകാരം റദ്ദാക്കിയിരുന്നു. ഭൂ സംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നിയമിതനായ ഉദ്യോഗസ്ഥന് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് ജൂറിസ്ഡിക്ഷൻ ഇല്ലാ എന്ന കാരണത്താലാണ് സ്പെഷ്യൽ ഓഫീസർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവുകൾ കോടതി റദ്ദ് ചെയ്തിട്ടുള്ളത്. പ്രസ്തുത വിധിയെ ചോദ്യം ചെയ്ത് സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹു.സുപ്രീംകോടതി 17-9-2018 ൽ തള്ളുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽകോടതിയിൽ കേസ് ഫയൽ ചെയ്യാമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽകോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിയ്ക്കുകയും 6-6-19-ൽ |
| (ബി) | മുൻകാലങ്ങളിൽ കേസിൽ നിർണായക തീരുമാനങ്ങളെടുത്തത് ഉന്നതതലയോഗങ്ങൾ ചേർന്നാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | |
| (സി) | ഇതിനിടയിൽ ചില കമ്പനികൾ അവർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് കരം അടയ്ക്കുന്നതിന് ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് സമ്പാദിക്കുകയുണ്ടായോ; | |
| (ഡി) | സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കാനാണോ ഇപ്പോൾ സർക്കാർ തീരുമാനം; എങ്കിൽ അതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | |

| | | |
|---|---|---|
| | | സ.ഉ.(കൈ)172/19/റവ നമ്പർ ഉത്തരവ് പ്രകാരം സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയുമുണ്ടായി.<br>കേസുകൾ ഫയൽ ചെയ്യുന്നതു സംബന്ധിച്ച ഉന്നതതല യോഗം 2 തവണ ചേരുന്നതിന് നിശ്ചയിച്ചിരുന്നെങ്കിലും അപ്രതീക്ഷിതമായ കാലവർഷക്കെടുതിയുടെയും 5 നിയമസഭാ മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മോഡൽ കോഡ് ഓഫ് കണ്ടക്റ്റ് നിലവിൽ വന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത യോഗം മാറ്റി വയ്ക്കുകയാണുണ്ടായത്.<br>11-4-18 ലെ WP(C)33122/14 കേസിലെ വിധിന്യായത്തിനു ശേഷം വിവിധ കമ്പനികൾ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളിലെ അഡ്ജുഡിക്കേഷനു വിധേയമായി കരം സ്വീകരിക്കണമെന്ന തരത്തിലാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ